**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

13.12.2012 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1157.

<u>സ്കിൽ അപ്ഗ്രഡേഷൻ പദ്ധതി</u>

**ചോദ്യം**

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

**ഉത്തരം**

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വയനാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്കിൽ അപ്ഗ്രഡേഷൻ പദ്ധതി നടപ്പാക്കുന്നതെന്നതിന്റെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | വയനാട് ജില്ലയിലെ മാനന്തവാടി നിയോജകമണ്ഡലത്തിലെ നീർവാരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലും കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പെഴുതന അച്ചൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലും അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ആരംഭിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലേയ്ക്ക് പ്രസ്തുത സ്കൂളുകളെ തെരഞ്ഞെടുത്തുകൊണ്ടുള്ള കത്തിന്റെ / സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | പ്രസ്തുത സ്കൂളുകളിലേക്ക് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലകരെ നിയമിച്ചിട്ടില്ല എന്നതിനാൽ പരിശീലനം ആരംഭിക്കുന്നതിനുള്ള തീയതി തീരുമാനിച്ചിട്ടില്ല. പരിശീലകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നൽകി വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ഉ ദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലും കോളേജുകളിലും പഠനത്തിനു ചേർന്നിട്ടുള്ള കുട്ടികൾക്ക് പഠനത്തോടൊപ്പം അധികമായി നൈപുണ്യങ്ങൾ സൃഷ്ടിച്ച് തൊഴിൽ വൈദഗ്ധ്യമുള്ളവരാക്കി തീർക്കാൻ ഈ പദ്ധതി വഴി സാധിക്കും. ഹയർ സെക്കണ്ടറി തലത്തിലും ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും ഒന്നാം വർഷം പഠനത്തിനു ചേരുന്ന കുട്ടികൾക്കാണ് ഇപ്പോൾ നൈപുണി വികസനത്തിനുള്ള പരിശീലനം നൽകുക. |

സെക്ഷൻ ഓഫീസർ